സബ്ഡിവിഷനിൽനിന്നും ഇതിനാവശ്യമായ ഒരു വാഹനം കിട്ടാത്തതാണ് ഇത് തുടങ്ങുന്നതിന് താമസമുണ്ടായത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഈ പ്രശ്നം ഇവിടെ ഉന്നയിച്ചതിന്റെ പ്രാധാന്യംകൂടി കണക്കിലെടുത്തുകൊണ്ട് കായംകുളം സബ്ഡിവിഷനിൽനിന്ന് ഒരു വാഹനം ഇതിനുവേണ്ടി പ്രത്യേകം അനുവദിച്ച് ഹൈവേ പട്രോളിംഗ് ആ സ്ഥലത്തുകൂടി നടത്തണമെന്നുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് ഇന്ന് ഞാൻ ബന്ധപ്പെട്ട കൊടുത്തിട്ടുണ്ട്. അതിനുള്ള നടപടി അധികം താമസിയാതെ എടുക്കുന്നതായിരിക്കും.

(14) സ്കാനിംഗ് യന്ത്രത്തിന്റെ കേബിൾ മുറിച്ച് മാറ്റിയ സംഭവം

ശ്രീ. വി.എസ്. സുനിൽ കുമാർ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും നിരവധി ആധുനിക യന്ത്രോപകരണങ്ങൾ ചികിത്സാ നിർണ്ണയത്തിനുവേണ്ടി സ്ഥാപിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ചു കൊണ്ടാണ് ശ്രീമതി പി.കെ. ശ്രീമതി ടീച്ചറുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും അതുപോലെതന്നെ മറ്റ് സർക്കാർ ആശുപത്രികളിലും ഈ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്നത്.പാവപ്പെട്ട ജനങ്ങൾക്ക് സൗജന്യമായോ സൗജന്യനിരക്കിലോ ഏറ്റവും ആധുനികമായ ഉപകരണങ്ങളുടെ ഉപയോഗത്തോടുകൂടി ചികിത്സാ സൗകര്യം കിട്ടാവുന്ന സംവിധാനം ഇന്ന് കേരളത്തിൽ എല്ലായിടത്തുമുണ്ട്. ഞാൻ ഉന്നയിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സിയാം എന്ന് പറയുന്ന പ്രധാനപ്പെട്ട ഒരു സ്കാനിംഗ് യന്ത്രം സ്ഥാപിക്കുകയുണ്ടായി. ഓർത്തോപീഡിക് സർജറി വിഭാഗത്തിൽ സൂക്ഷ്മ ശസ്ത്രക്രിയകൾ ചെയ്യാൻ വേണ്ടി കൂടുതലായി ഉപയോഗിക്കുന്ന ഒരു ഉപകരണമാണിത്. ഓപ്പറേഷൻ തിയേറ്ററിനകത്ത് സൂക്ഷിച്ചിരിക്കുന്ന ഈ ഉപകരണത്തിന്റെ മൂർച്ചയേറിയ ആയുധംകൊണ്ട് കേബിൾ മുറിച്ചുമാറ്റിയ സംഭവം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉണ്ടായി. ഇത് സംബന്ധിച്ച് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട പ്രതികളെ പിടിക്കാനോ അവർക്കെതിരെ ശിക്ഷാനടപടികൾ ആരംഭിക്കാനോ ഇതുവരെ കഴിഞ്ഞിട്ടില്ല. ഞാൻ ഇത് ഉന്നയിക്കാൻ കാരണം നമ്മുടെ ഗവൺമെന്റ് നയം അനുസരിച്ച് മന്ത്രിയുടേയും ജനപ്രതിനിധികളുടേയും താല്പര്യം അനുസരിച്ച്, എല്ലാ സർക്കാർ ആശുപത്രികളിലും ഇതുപോലെയുള്ള ആധുനികമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നത് ജനങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ടിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ ഉപകരണങ്ങളെല്ലാം സാധാരണക്കാർക്ക് നന്നായി ഉപയോഗിക്കാൻ കഴിയുന്നതുകൊണ്ട് സ്വകാര്യ ആശുപത്രികളിൽ ഇതിനുവേണ്ട ചികിത്സയ്ക്ക് വരുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സാധാരണക്കാർ മാത്രമല്ല, ഇടത്തട്ടുകാരായ ആളുകൾ ഉൾപ്പെടെ ഇന്ന് മെഡിക്കൽ കോളേജുകളെ സമീപിക്കുന്നതിനുള്ള കാരണം, ഇതുപോലുള്ള ആധുനികമായ സജ്ജീകരണങ്ങൾ നമ്മുടെ മെഡിക്കൽ കോളേജുകളിൽ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയതിനാലാണ്. എന്നാൽ ഇത് അട്ടിമറിക്കാൻ ചില ആളുകൾ ആസൂത്രിതമായി ശ്രമിക്കുകയാണ്. തൃശ്ശൂർ ജില്ലാ ആശുപത്രിയിലെ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫെർട്ടിലിറ്റി ക്ലിനിക്കിലെ സ്കാനിംഗ് യന്ത്രം കുറേ നാളുകളായി പ്രവർത്തിക്കുന്നില്ല. ചില ആളുകൾ സർക്കാർ സ്ഥാപിക്കുന്ന യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കാതിരിക്കുകയും നശിപ്പിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ഗൗരവമായ അന്വേഷണം നടത്തി പൊതുമുതൽ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേസ്സിൽ ഉൾപ്പെടുത്തി ഈ ഉദ്യോഗസ്ഥന്മാർ ആരാണെങ്കിലും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാൻ മുളയിലെ നുള്ളാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, മെഡിക്കൽ കോളേജുകളിൽ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന വിലയേറിയ ചില ഉപകരണങ്ങളുടെ പ്രവർത്തനം നിശ്ചലമാക്കുന്നതിനോ അല്ലെങ്കിൽ അത് പ്രവർത്തിപ്പിക്കാതിരിക്കുന്നതിനോ ഉള്ള അപൂർവ്വം ചില നടപടികളെങ്കിലും ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ ഒരു മികച്ച ഉദാഹരണമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇരുപത്തിയഞ്ച് ലക്ഷത്തിലധികം വിലവരുന്ന സിയാം മെഷീന്റെ കേബിൾ വളരെ മൂർച്ചയേറിയ ബ്ലേയ്ഡ് കൊണ്ട് കട്ട് ചെയ്ത് അതിന്റെ പ്രവർത്തനം അവസാനിപ്പിച്ചത്. പക്ഷേ ഭാഗ്യവശാൽ നമുക്ക് 24 മണിക്കൂർ കൊണ്ടുതന്നെ അതിന്റെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാൻ സാധിച്ചു. ഇത് സൂചിപ്പിക്കുന്നത് മുൻകാലങ്ങളിലൊക്കെ അപൂർവ്വം ചില ഡോക്ടർമാരുടേയോ, സ്റ്റാഫിന്റേയോ, ആരുടെയോ ഭാഗത്തുനിന്ന്, ഇത്തരം ഉപകരണങ്ങളെ നശിപ്പിക്കുന്നതിന് ബോധപൂർവ്വം തന്നെ ചിലർ തയ്യാറാകുന്നു ണ്ടെന്നുള്ള ലക്ഷണങ്ങളാണ് ശസ്ത്രക്രിയ ചെയ്യുന്ന മുറിയിലേക്ക് ഒരുപാട് ആളുകൾക്കൊന്നും പ്രവേശനമില്ല. പണ്ടത്തെ ആ ശീലം പൂർണ്ണമായും ഉപേക്ഷിക്കാൻ ചിലരെങ്കിലും തയ്യാറല്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട വി.എസ്. സുനിൽ കുമാർ പറഞ്ഞ സ്കാനിംഗ് മെഷീൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിന്നും നമുക്ക് ബോധ്യമാകുന്നത്. മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടുള്ള ഈ സംഭവത്തെ തുടർന്ന് ആദ്യം ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള അന്വേഷണത്തിന്റെ ഒരു റിപ്പോർട്ട് കിട്ടി. അതിലൊന്നും വ്യക്തതയില്ല. അതുകൊണ്ട് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചു. ക്രൈം ബ്രാഞ്ചിന്റെ റിപ്പോർട്ട് പൂർണ്ണമായി കിട്ടിയിട്ടില്ല. റിപ്പോർട്ട് കിട്ടിയാൽ ശക്തമായിട്ടുള്ള നടപടി സ്വീകരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം ഇത് മോണിറ്റർ ചെയ്യാൻ ഡിപ്പാർട്ടുമെന്റിന് കൂടുതൽ ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(15) വർക്കല താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വർക്കല താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ചില കാര്യങ്ങൾ ഇവിടെ പറയുന്നത്. ഞാൻ പലതവണ

LIBRARY ARCHIVES Kerala Legislative Assembly